LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി

151 [3153] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിലേയും ജില്ലാ സഹകരണ ബാങ്കിലേയും ജീവനക്കാർക്ക് പെൻഷൻ നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കാമോ;

(ബി) ആയതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ;

(സി) പെൻഷൻ നൽകുന്നതിനുള്ള അധികാരം ആരെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും അതിന് ആവശ്യമായ ഫണ്ട് ഏത് വിധത്തിൽ സ്വരൂപിക്കുമെന്നും അറിയിക്കാമോ;

(ഡി) പെൻഷൻ പദ്ധതി അടിയന്തിരമായി നടപ്പിലാക്കാനും ഉടനടി വിതരണം ചെയ്യാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി ആന്റ് സി) നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

റിസർവ്വ് ബാങ്കിന്റെ ലൈസൻസില്ലാതെ രജിസ്റ്റർ ചെയ്ത സംഘങ്ങൾ

152 [3154] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ്വ് ബാങ്കിന്റെ ലൈസൻസില്ലാതെ രജിസ്റ്റർ ചെയ്ത സംഘങ്ങളെ സംബന്ധിച്ച് കേരള ഹൈക്കോടതിയുടെ 29-11-2002-ലെ വിധിന്യായത്തിലെ നിർദ്ദേശപ്രകാരം 30-12-2002-ൽ സർക്കാർ വിളിച്ചുചേർത്ത യോഗതീരുമാനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത യോഗത്തിൽ ആരെല്ലാം പങ്കെടുക്കുകയുണ്ടായി; യോഗ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.